"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1179/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/04/2024 ലെ എൽ.എം3(6)/2019/ലൈഫ് III നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതോടൊപ്പം ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവും ഉറപ്പാക്കുന്നതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ, മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ എന്നിവയിലൂടെയോ , സ്വയം ഭൂമിയാർജ്ജിക്കുകയോ ചെയ്ത ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് നൽകുന്നതിനായി മേൽപരാമർശം കത്തിൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് താഴെ പറയും പ്രകാരം മുൻഗണനാക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ലൈഫ് പട്ടികയിൽ അവശേഷിക്കുന്ന ഭൂരഹിത ഭവനരഹിതർക്ക് ഇ.പി.ഇ.പി., 2017-ലെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടിക, അഡീഷണൽ ലിസ്റ്റ്, ലൈഫ് 2020 എന്നീ ക്രമത്തിൽ പ്രത്യേക പരിഗണന നൽകി മുൻഗണനാക്രമം പാലിച്ച് ഭവനനിർമ്മാണ ധനസഹായം അനുവദിക്കേണ്ടതാണ്.

ii. ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കൾ അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി ഗുണഭേക്തോക്കളോടൊപ്പം ഭൂരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ച് വരുന്ന ഗുണഭോക്താക്കൾക്കും 1:1 എന്ന ആനുപാതത്തിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കേണ്ടതും, അതിദരിദ്ര കുടുംബങ്ങൾക്ക് മേൽ അനുപാതം ബാധകമാക്കാതെ മുൻഗണന നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-07-2024 16:20:54
സെക്ഷൻ ഓഫീസർ